മുമ്പേ ഞാൻ മതമൗലികതാവാദിയായിക്കഴിഞ്ഞിരിക്കുന്നു! രാമായണ മഹാഭാരതങ്ങളിലെ കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും പൂർണമായി ഒഴിച്ചുനിർത്തിയാൽ ഇന്ത്യയുടെ സാഹിത്യത്തിൽ, സംഗീതത്തിൽ, വാസ്തുശില്പത്തിൽ, ചിത്രകലയിൽ, പ്രതിമാശില്പത്തിൽ, നൃത്യത്തിൽ, അഭിനയത്തിൽ എന്താണ് അവശേഷിക്കുക? ഈ കലകളുടെ അല്പമായ ആർദ്രതപോലും നഷ്ടപ്പെട്ടാൽ എന്തൊരു ഊഷരഭൂമിയായിരിക്കും നമ്മുടെ സംസ്കാരം!

അടുത്ത ആഴ്ചയും അതിനടുത്ത ആഴ്ചയും അങ്ങനെ ഈ സീരിയൽ അവസാനിക്കുംവരെ മററു പ്രതിബന്ധങ്ങളില്ലെങ്കിൽ ഞായറാഴ്ചതോറും രാമാനന്ദസാഗറിന്റെ 'രാമായണം' കാണണമെന്നാണ് എന്റെ ആഗ്രഹം. വാല്മീകി, കാളിദാസൻ, ഭാസൻ, ഭവഭൂതി, മുരാരി, ശക്തിഭദ്രൻ, ഭോജരാജാവ്, തുളസീദാസൻ, കമ്പൻ, പനം, എഴുത്തച്ഛൻ, ത്യാഗരാജസ്വാമികൾ, കുമാരനാശാൻ, വള്ളത്തോൾ, കുഞ്ഞിരാമൻനായർ—എത്രയെത്ര ഉജ്ജ്വല പ്രതിഭകളുമായി അത്യന്തം ഫലപ്രദവും തൃപ്തികരവുമായ സൗഹാർദം പുനർജീവിപ്പിക്കാനാണ് ഈ നാല്പതോ അമ്പതോ മിനിററുകൾ എന്നെ സഹായിക്കുന്നതു്!

(21 ഫെബ്രുവരി, 1988)

# 78. വിവേകാനന്ദ സ്വാമികളുടെ വിദ്യാഭ്യാസാദർശം

എല്ലാ മനുഷ്യരും മൂന്നു ഋണങ്ങളോടുകൂടി പിറക്കുന്നു എന്നാണ് ഭാരതീയ സങ്കല്പം. ഇവയിൽ ആദ്യത്തേതായ ഋഷി-ഋണം അധ്യയനംകൊണ്ടു വീട്ടേണ്ടതാണ്. യജ്ഞംകൊണ്ടു വീട്ടേണ്ടതായ ദേവ-ഋണവും സന്താനലാഭത്തിലൂടെ വീട്ടേണ്ടതായ പിതൃ-ഋണവുമാണ് മററു രണ്ടു ഋണങ്ങൾ. പണം കൊടുത്തുതന്നെ വീട്ടേണ്ടതായ പൊതുക്കടം എന്ന ശുദ്ധഭൗതികമായ നാലാമത്തെ ഋണത്തെപ്പററിയും നാം ഇപ്പോൾ ധാരാളമായി കേട്ടുതുടങ്ങിയിട്ടുണ്ട്. ഇതിനെ രാഷ്ട്ര-ഋണം എന്നു വിളിക്കാം. എത്രയോ ആയിരം രൂപയ്ക്കു കടപ്പെട്ടുകൊണ്ടാണ് ഇപ്പോൾ ഇന്ത്യയിൽ ഓരോ ശിശുവും ജനിക്കുന്നതു്. ഈ കടം ഇനിയങ്ങോട്ടു വർധിക്കാനാണു സാധ്യതയെന്നും കാണുന്നു. അതിരിക്കട്ടെ.

ഞാൻ ഏററവുമധികം കടപ്പെട്ടിട്ടുള്ള ഋഷി ആഗമാനന്ദസ്വാമികളാകുന്നു. അദ്ദേഹത്തോടു് എനിക്കുള്ള ഋണം ഏതെങ്കിലും തരത്തിൽ വീട്ടിത്തീർക്കാവുന്ന ഒന്നല്ല. ഈ ഋണത്തിന്റെ പലിശയുടെ ഒരംശം അടച്ചുതീർക്കലായി ഈ പ്രസംഗത്തെ ഞാൻ കണക്കാക്കുന്നു. മനുഷ്യന് ഏററവുമധികം മനസ്സംതൃപ്തി നൽകുന്ന ഒന്നാണല്ലൊ ഋണമുക്തി. എന്റെ കടബാധ്യതയുടെ ഒരു ചെറിയ പങ്ക് അടച്ചുതീർക്കാൻ എനിക്കു് അവസരം നൽകിയ ഇന്നത്തെ ആശ്രമാധിപതിയും ആഗമാനന്ദസ്വാമികളുടെ ശിഷ്യപ്രമുഖനുമായ, ശ്രീമദ് ഗണാനന്ദ സ്വാമികളോടു് എനിക്കുള്ള കൃതജ്ഞത ആരംഭത്തിൽത്തന്നെ പ്രസ്താവിച്ചുകൊള്ളട്ടെ

1928-ൽ തന്റെ മുപ്പത്തിരണ്ടാം വയസ്സിൽ സന്ന്യാസം സ്വീകരിച്ചശേഷം ആഗമാനന്ദസ്വാമികൾ പുതുക്കാട്ട് അടുത്തു് 'പാഴായി' എന്ന സ്ഥലത്തു് ഒരു ആശ്രമം സ്ഥാപിക്കുന്നതിനു മൂന്നു വർഷങ്ങളോളം പരിശ്രമിക്കുകയുണ്ടായി. ആശ്രമത്തിനുവേണ്ടി വീമ്പൂർ നമ്പൂതിരിപ്പാട് വിട്ടുകൊടുത്ത സ്ഥലത്തിനടുത്തു് നമ്പൂതിരിപ്പാടിന്റെ ഊരായ്മയിലുള്ള ക്ഷേത്രത്തിലാണ് ഇക്കാലത്തു് അദ്ദേഹം സഹപ്രവർത്തകനായിരുന്ന ശ്രീമദ് ആർജവാനന്ദ സ്വാമികളൊത്തു

താമസിച്ചിരുന്നതു്. എന്റെ ജന്മഗൃഹത്തിൽനിന്നു് ഈ ക്ഷേത്രത്തിലേക്കു് നാലോ അഞ്ചോ കിലോമീററർ ദൂരമേയുള്ളു. രണ്ടു സന്ന്യാസിമാർ ക്ഷേത്രത്തിൽ താമസമാക്കിയ വിവരം അറിഞ്ഞു് അന്നു് പെരുമനം കരയോഗംവക സംസ്കൃത സ്കൂളിൽ സംസ്കൃതത്തിലെ പ്രഥമപാഠങ്ങൾ പഠിക്കുകയായിരുന്ന പതിമൂന്നോ പതിന്നാലോ വയസ്സായ ഞാൻ ഒരു ദിവസം അവരെ കാണാൻ ചെന്നു. ഈ സന്ദർശനത്തിന്റെ ഓർമ്മ ഇന്നും എന്റെ മനസ്സിൽ പുതുമവിടാതെ നിലകൊള്ളുന്നുണ്ടു്. ഞാൻ ഒരു സംസ്കൃതവിദ്യാർത്ഥിയാണെന്നതുകൊണ്ടായിരിക്കണം, രണ്ടു സ്വാമിമാരും എന്നോടു സ്നേഹപൂർവം പെരുമാറി. അമ്പതോ നൂറോ പുസ്തകങ്ങൾ അടങ്ങിയ ഒരു ചെറുഗ്രന്ഥാലയം അവരുടെ കൈവശമുണ്ടായിരുന്നു. ഇതിൽനിന്നു് വിവേകാനന്ദ പത്രാവലി, മഹർഷി നാഗമഹാശയൻ എന്നീ പുസ്തകങ്ങൾ അവർ എനിക്കു വായിക്കുവാൻ തന്നു. ആഗമാനന്ദസ്വാമികളുമായുണ്ടായ ഈ ഹ്രസ്വസമ്പർക്കത്തിനുശേഷം അധികം താമസിയാതെ ഞാൻ സംസ്കൃതത്തിൽ ഉപരിപഠനത്തിനു തൃപ്പൂണിത്തുറയിലേക്കു പോയി; അതിനാൽ ആ സമ്പർക്കം വിച്ഛേദിക്കപ്പെട്ടു.

1936–ൽ സ്വാമികൾ കാലടിയിൽ വന്നു് അദ്വൈതാശ്രമം സ്ഥാപിക്കുമ്പോൾ ഞാൻ തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ പഠിക്കുകയായിരുന്നു. തൃപ്പൂണിത്തുറയിൽനിന്നു് തൃശ്ശൂരിനടുത്തുള്ള സ്വന്തം വീട്ടിലേക്കു തീവണ്ടിയിൽ പോകുന്നതിനു പകരം കാൽനടയായി വഴിക്കുള്ള സുഹൃത്തുക്കളെ അവരുടെ വീടുകളിൽ ചെന്നു കണ്ടുകൊണ്ടു് യാത്രചെയ്യുന്നതു് അന്നു് എന്റെ ഒരു പതിവായിരുന്നു. ഇത്തരമൊരു യാത്രയ്ക്കിടയിൽ, തുടങ്ങിയിട്ടു് അധികം ദിവസങ്ങളാകാത്ത കാലടി ആശ്രമത്തിൽച്ചെന്നു് ആഗമാനന്ദസ്വാമികളെ കണ്ടതും എനിക്കു് നല്ല ഓർമ്മയുണ്ടു്. ആശ്രമത്തിന്റെ ഔദാര്യപൂർണമായ ദാരിദ്ര്യത്തിൽ അന്നു ഞാൻ പങ്കുകൊണ്ടതു് അത്യന്തം ആഹ്ലാദത്തോടെയായിരുന്നു.

1937–ൽ തൃപ്പൂണിത്തുറ കോളേജിലുള്ള എന്റെ പഠിപ്പു് അവസാനിച്ചു. 1938–ൽ ചൊവ്വര സംസ്കൃത സ്കൂളിൽ ഒരു അദ്ധ്യാപകനായി നിയമനം ലഭിച്ചതോടെ ആഗമാനന്ദസ്വാമികളുമായുള്ള സമ്പർക്കം കൂടുതൽ ഗാഢമാക്കാൻ എനിക്കു് അവസരം കൈവന്നു. ചൊവ്വര സ്കൂളിൽ ചേർന്നു രണ്ടാഴ്ചയ്ക്കകം ഞാൻ ആശ്രമത്തിലെത്തി സ്വാമികളെക്കണ്ടു. പിന്നീടു ഞാൻ കൂടെക്കൂടെ ആശ്രമം സന്ദർശിക്കാൻ തുടങ്ങി. ഇവിടെയുണ്ടായിരുന്ന പുസ്തകങ്ങളാണു് എന്നെ പ്രധാനമായും ഇങ്ങോട്ടാകർഷിച്ചതു്. 1939–ൽ ആശ്രമം വക സംസ്കൃതഹൈസ്കൂളിൽ ഒരു പ്രസംഗം ചെയ്യാൻ ഞാൻ ക്ഷണിക്കപ്പെട്ടു. എന്റെ സതീർത്ഥ്യനായിരുന്ന ശ്രീ ശങ്കരശർമ്മ ഇതിനകം ആശ്രമത്തിലെ അന്തേവാസിയായിക്കഴിഞ്ഞിരുന്നു. അതിനാൽ ചിലപ്പോഴെല്ലാം ആശ്രമത്തിൽ ചെന്നു് ഒന്നോ രണ്ടോ ദിവസങ്ങൾ കഴിച്ചുകൂട്ടുക എന്റെ പതിവായി. ഈ കാലമാകുമ്പോഴേക്കു് തൃപ്പൂണിത്തുറ സംസ്കൃത കോളേജിലെ പരീക്ഷയും പുറമെ മദ്രാസ് സർവകലാശാല നടത്തുന്ന ശിരോമണി പരീക്ഷകൂടി ഞാൻ ജയിച്ചിരുന്നു. പരീക്ഷായോഗ്യതയുള്ള ഒരു ഹെഡ്മാസ്റ്റർ ആശ്രമം സ്കൂളിനു് ആവശ്യമായി വന്നതിനാൽ ആ ജോലി ഏറെറടുക്കാമോ എന്നു് സ്വാമികൾ എന്നോടു് ചോദിച്ചു. 1939 ഒക്ടോബറിൽ ഞാൻ ആശ്രമത്തിലെ ഒരു അന്തേവാസിയായിത്തീർന്നതു് അങ്ങനെയാണു്. സ്കൂൾഹാളിന്റെ ഒരററത്തു് പനമ്പു തട്ടികകൊണ്ടു മറച്ചുണ്ടാക്കിയ ഹെഡ്മാസ്റ്ററുടെ ആഫീസ് മുറിയായിരുന്നു എന്റെ ഇരിപ്പുമുറിയും കിടപ്പുമുറിയും. ഭക്ഷണവും മററു ദിനചര്യകളും ആശ്രമത്തിലെ വിദ്യാർത്ഥികളടക്കമുള്ള അന്തേവാസികളോടൊപ്പവും. ഇരുപത്തൊന്നു മാസം നീണ്ടുനിന്ന ഈ ആശ്രമജീവിതം എന്റെ വ്യക്തിത്വത്തെയും ജീവിതവീക്ഷണത്തെയും രൂപപ്പെടുത്തുന്നതിൽ വളരെയധികം പ്രയോജനപ്പെടുകയുണ്ടായി എന്നു് ഇന്നു് ഞാൻ കൃതജ്ഞതയോടെ സ്മരിക്കുന്നു.

അദ്ധ്യാപകരായ ഞങ്ങളുടെയും ഞങ്ങളുടെ ചില അതിഥികളുടെയും ദിനചര്യകൾ ആശ്രമാന്തേവാസികളുടെ ദിനചര്യകളുമായി പൊരുത്തപ്പെടാതെ

വന്നുതുടങ്ങിയപ്പോൾ 1941 മദ്ധ്യത്തിൽ ആശ്രമത്തിനടുത്തുള്ള ഒരു വാടകക്കെട്ടിടത്തിലേക്ക ഞങ്ങൾ താമസം മാററി. അപ്പോഴും സമയത്തിൽ അധികഭാഗവും ഞങ്ങൾ ആശ്രമവളപ്പിൽത്തന്നെയാണ കഴിച്ചുകൂട്ടിയതു്. 1942 ആഗസ്റ്റ് 16-ാം തീയതി ക്വിററ് ഇന്ത്യാ പ്രക്ഷോഭത്തിൽ ചേരുന്നതിനുവേണ്ടി ഞാൻ ആശ്രമം സ്കൂളിലെ ജോലി ഉപേക്ഷിക്കുംവരെ ഈ സ്ഥിതി തുടർന്നുപോയി. അങ്ങനെ രണ്ടു വർഷവും ഒമ്പതു മാസവും ഏതാണ്ടു ദിവസേനയെന്നപോലെ ആഗമാനന്ദസ്വാമികളുമായി ഇടപെടുന്നതിന് എനിക്കവസരം ലഭിച്ചു.

ആദർശയോഗ്യമായ ഗുരുശിഷ്യബന്ധമല്ല ഞങ്ങൾ തമ്മിലുണ്ടായിരുന്നതെന്നു ഖേദത്തോടെ ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. ആശ്രമത്തെ അസ്ഥിവാരംമുതൽ ഇഷ്ടകമേൽ ഇഷ്ടകവെച്ചു പടുത്തുകെട്ടുന്നതിന് അത്യദ്ധ്വാനംചെയ്യുകയായിരുന്നു അന്നു് ആഗമാനന്ദസ്വാമികൾ. ഇതിന് അദ്ദേഹത്തിന് ദിവാൻ സി. പി. രാമസ്വാമി അയ്യർ മുതൽ സ്ഥലത്തെ താസിൽദാർ വരെയുള്ള എല്ലാ സർക്കാരുദ്യോഗസ്ഥന്മാരുടെയും സഹകരണം ആവശ്യമായിരുന്നു. ഗാന്ധിജിയുടെ നേതൃത്വത്തിൽ ബ്രിട്ടനെതിരെ ഭാരതീയർ നടത്തിവന്ന സ്വാതന്ത്ര്യസമരത്തിലും മാമൂലുകളുടെ ചങ്ങലക്കെട്ടുകളറുത്തു് ഇന്ത്യയിലെ സാധാരണ ജനങ്ങൾക്കു് സാമൂഹ്യനീതിയും സാമ്പത്തിക സമത്വവും നേടിക്കൊടുക്കുന്നതിന് പരിശ്രമിച്ചിരുന്ന പുരോഗമനപ്രസ്ഥാനങ്ങളുടെ പരിപാടികളിലുമായിരുന്നു അന്നെനിക്കു താല്പര്യം. ചുരുക്കത്തിൽ, സമകാല–സാമൂഹ്യ–രാഷ്ട്രീയ പരിസ്ഥിതികളെക്കുറിച്ചും ഈ പരിസ്ഥിതികളിൽ ഓരോ വ്യക്തിക്കുമുള്ള കർത്തവ്യങ്ങളെക്കുറിച്ചും സ്വാമികൾക്കുണ്ടായിരുന്ന ധാരണകളിൽനിന്നു വ്യത്യസ്തങ്ങളായിരുന്നു എന്റെ ധാരണകൾ. ഈ വ്യത്യാസം നിമിത്തം ഞങ്ങൾ തമ്മിൽ കൂടെക്കൂടെ പല ഉരസലുകളും നടക്കുകയുണ്ടായി. എന്നാൽ, അപ്പോഴൊക്കെ വിദ്യാലയത്തിലെ ഹെഡ്മാസ്റ്റർ എന്ന നിലയിൽ എന്റെ സ്വാതന്ത്ര്യം വകവെച്ചു തരികയാണ് ആഗമാനന്ദസ്വാമികൾ ചെയ്തതു് എന്നു് സീമാതീതമായ കൃതജ്ഞതയോടെ ഞാൻ അനുസ്മരിക്കുന്നു. ആഗമാനന്ദസ്വാമികളുമായി അഭിപ്രായവ്യത്യാസങ്ങൾ ഉള്ളപ്പോൾ എന്റെ നിലപാടു ഞാൻ കൈവിടേണ്ടിവന്നിട്ടുള്ളതു് അപൂർവം ചില അവസരങ്ങളിൽ മാത്രമായിരുന്നു.

1942 ആഗസ്റ്റിൽ ഞാൻ ആശ്രമവുമായുള്ള ബന്ധം വിച്ഛേദിച്ചെങ്കിലും ആഗമാനന്ദസ്വാമികളുമായുള്ള എന്റെ ബന്ധം 1961 ഏപ്രിൽ 17-ാം തീയതി അദ്ദേഹം അന്തരിക്കുംവരെ തുടർന്നു നിലനിന്നു. ആശ്രമത്തിന്റെ ജൂബിലി ആഘോഷങ്ങൾ സംബന്ധിച്ച ധനശേഖരത്തിനും മററുമായി മരണത്തിന്റെ ഏതാനും ദിവസംമുമ്പ് സ്വാമികൾ വയനാട്ടിൽ പോയിരുന്നു. അവിടെനിന്നു തിരിച്ചുവരുംവഴി ഒരു ദിവസം ഏതാണ്ടു് അർദ്ധരാത്രിയോടടുത്തു് സ്വാമികൾ കോഴിക്കോട്ടു ഞാൻ താമസിക്കുന്ന വീട്ടിൽ വന്നു; ജൂബിലി പരിപാടികളിൽ ഞാൻ പങ്കെടുക്കണമെന്നാവശ്യപ്പെടുകയുംചെയ്തു. അതുകഴിഞ്ഞു് അല്പം ദിവസങ്ങൾക്കകം സ്വാമികളുടെ അപ്രതീക്ഷിതമായ ചരമവാർത്ത എനിക്കു കേൾക്കേണ്ടിവന്നു.

ആഗമാനന്ദസ്വാമികളുടെ പാണ്ഡിത്യമാണ് എന്നെ അദ്ദേഹത്തിലേക്കു് ആദ്യമായി ആകർഷിച്ചതു് എന്നു തോന്നുന്നു. യുക്തിഭദ്രങ്ങളും സുഘടിതങ്ങളുമായ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ വിസ്മയാദരങ്ങളോടെ എത്രയോ തവണ ഞാൻ കേട്ടിരുന്നിട്ടുണ്ടു്. താൻ തിരഞ്ഞെടുത്ത ലക്ഷ്യം നേടുന്നതിനുവേണ്ടി അക്ഷീണം, അനവരതം, അവിശ്രമം പ്രവർത്തിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ കഴിവു് എന്നെ അത്ഭുതസ്തബ്ധനാക്കിയിട്ടുണ്ടു്. എന്നാൽ, എന്റെ ഹൃദയത്തെ ഏററവും ആഴത്തിൽ സ്പർശിച്ച അദ്ദേഹത്തിന്റെ സ്വഭാവസവിശേഷത ഉദാരമായ അദ്ദേഹത്തിന്റെ മനുഷ്യസ്നേഹമായിരുന്നു. പഠിക്കാൻ ആഗ്രഹിച്ചു തന്നെ സമീപിച്ച ആർക്കും അദ്ദേഹം കഴിവിൽക്കവിഞ്ഞ സഹായം നൽകി. ഭക്ഷണം വേണ്ടവർക്കു ഭക്ഷണവും, പാർപ്പിടം വേണ്ടവർക്കു പാർപ്പിടവും വിദ്യയ്ക്കുപുറമെ അദ്ദേഹം ഏർപ്പാടു ചെയ്തുകൊടുത്തു. എന്റെ അറിവിൽ

പ്പെട്ടിടത്തോളം ഒരൊററ വിദ്യാർത്ഥിക്കും അദ്ദേഹം വിദ്യയോ ഭക്ഷണമോ ആശ്രയമോ നിഷേധിക്കുക ഉണ്ടായിട്ടില്ല. എഴുതിയും, പ്രസംഗിച്ചും കൊച്ചു കാശും ചക്രവുമായി പണംപിരിച്ചും അത്യന്തം കായക്ലേശം സഹിച്ചുമാണ് അദ്ദേഹം അദ്വൈതാശ്രമം പടുത്തുയർത്തിയതും അതിൽ ഒന്നിച്ചു ചേർന്നവർക്ക് ഭക്ഷണം നല്കിപ്പോന്നതും. ഈ അതിരുകവിഞ്ഞ ഔദാര്യം അപൂർവം വ്യക്തികളിലേ എനിക്കു കാണാൻ കഴിഞ്ഞിട്ടുള്ളു.

എൻെറ യൗവനത്തിൻെറ പ്രാരംഭവർഷങ്ങളിൽ ഉജ്ജ്വലമായ ഒരു ദീപസ്തംഭംപോലെ ആഗമാനന്ദസ്വാമികൾ എൻെറ മുമ്പിലുണ്ടായിരുന്നു. എൻെറ ജീവിതയാത്രയുടെ ലക്ഷ്യം അദ്ദേഹത്തിൻേറതിൽനിന്നു വിഭിന്നമായിരുന്നു എങ്കിലും, ആ ലക്ഷ്യത്തിലേക്കു പതറാതെ മുന്നേറാൻ അദ്ദേഹം നല്കിയ വെളിച്ചം എനിക്ക് അത്യന്തം ഉപകരിച്ചിട്ടുണ്ട്. ജീവിതകാലത്തിൽ അടുത്തു പെരുമാറുവാൻ എനിക്കു സാധിച്ച മഹാപുരുഷന്മാരിൽ അതിപ്രധാനമായ ഒരു സ്ഥാനം ആഗമാനന്ദസ്വാമികൾക്കുണ്ട്. അദ്ദേഹം ആധിപത്യം വഹിച്ചിരുന്ന സ്ഥാപനത്തിൽ കഴിച്ചുകൂട്ടിയ നാളുകൾ എനിക്കു വിലമതിക്കാനാവാത്ത അനുഭൂതികൾ നിറഞ്ഞവയായിരുന്നു. അതുകൊണ്ടാണ് എനിക്ക് ഏററവുമധികം കടപ്പാടുള്ള ഋഷി ശ്രീമദ് ആഗമാനന്ദസ്വാമികളാണെന്നു പ്രാരംഭത്തിൽ ഞാൻ പ്രസ്താവിച്ചതു്. അദ്ദേഹത്തെ അനുസ്മരിക്കാൻ ഇങ്ങനെയൊരവസരം ലഭിച്ചതു് എൻെറ ധന്യതയത്രേ. അദ്ദേഹത്തിന് എൻെറ പ്രണാമങ്ങൾ.

## 2

വിവേകാനന്ദസ്വാമികളുടെ വിദ്യാഭ്യാസദർശനമെന്നതാണ് ഈ പ്രസംഗത്തിനു നിർദേശിക്കപ്പെട്ടിട്ടുള്ള വിഷയം. ആധുനിക ഭാരതം കണ്ടിട്ടുള്ള പ്രബോധകന്മാരിൽ ഏററവുമധികം പ്രഭാവശാലിയായിരുന്നു വിവേകാനന്ദസ്വാമികൾ. 'ഉത്തിഷ്ഠത, ജാഗ്രത, പ്രാപ്യ വരാൻ നിബോധത' എന്ന ഉപനിഷദ് വാക്യത്തിൻെറ വിസ്തൃത ഭാഷ്യമാണ് വിവേകാനന്ദ സാഹിത്യസമുച്ചയമെന്നു പറഞ്ഞാൽ അതു് തെററാവുകയില്ല.

തികച്ചും ഭൗതികമായ സുഖസമൃദ്ധികൾ നേടുന്നതിനുള്ള മാർഗമായി വിദ്യാഭ്യാസത്തെ വിവേകാനന്ദസ്വാമികൾ കണ്ടിരുന്നു എന്നതിൽ സംശയമില്ല. ഒരു കത്തിൽ സ്വാമിജി എഴുതി: 'യൂറോപ്പിലെ പട്ടണങ്ങളിൽകൂടി സഞ്ചരിക്കുകയും അവിടെയെല്ലാം പാവങ്ങൾക്കുപോലും കിട്ടുന്ന സുഖസൗകര്യങ്ങളും വിദ്യാഭ്യാസവും കാണുകയും ചെയ്യുമ്പോൾ നമ്മുടെ ദരിദ്രരുടെ സ്ഥിതിയോർത്തു ഞാൻ കണ്ണീർ പൊഴിക്കാറുണ്ടായിരുന്നു. എന്തുകൊണ്ട് ആ വ്യത്യാസമുണ്ടായി? എനിക്കു കിട്ടിയ ഉത്തരം 'വിദ്യാഭ്യാസം' എന്നാണ്.

(വി. സാ. സ. വാല്യം 3 പേജ് 464)

വിദ്യാഭ്യാസം ഉയർന്ന ജാതിക്കാരിൽ മാത്രം തങ്ങിനിന്നതും അതു താഴ്ന്ന ജാതിക്കാർക്കു നിഷേധിക്കപ്പെട്ടതുമാണ് ഇന്ത്യയുടെ ദുർദശയ്ക്കു കാരണമെന്ന് വിവേകാനന്ദസ്വാമികൾ ദൃഢമായി വിശ്വസിക്കുകയും ആ വിശ്വാസം വ്യക്തമായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. സ്വാമിജി എഴുതി: ഞാൻ കൺമുമ്പിൽ കാണുന്നു; പൊതുജനങ്ങളുടെ ഇടയിൽ പരന്നിട്ടുള്ള വിദ്യാഭ്യാസത്തിൻെറയും ബുദ്ധിശക്തിയുടെയും തോതനുസരിച്ചാണു ജനത പുരോഗമിച്ചിട്ടുള്ളതെന്ന്. ഭാരതത്തിൻെറ നാശത്തിനു മുഖ്യകാരണം, അഭിമാനം, രാജശക്തി എന്നിവയിലൂടെ മുഴുവൻ വിദ്യാഭ്യാസത്തിൻെറയും കുത്തക കുറേപ്പേരുടെ മാത്രം കൈയിൽ അമർന്നുപോയതാണ്. വീണ്ടും നാം എഴുന്നേററു നില്ക്കാനാണു ഭാവമെങ്കിൽ പൊതുജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം പരത്തിയിട്ടാണു നാം അതു സാധിക്കേണ്ടതു്''

(വി. സാ. സ. വാല്യം 3 പേജ് 463)

എങ്കിലും, നമ്മുടെ നാട്ടിൽ ബ്രിട്ടീഷുകാർ സംവിധാനം ചെയ്തതും, ഇന്നും ഏറെ വ്യത്യാസമില്ലാതെ തുടരുന്നതുമായ വിദ്യാഭ്യാസ സമ്പ്രദായത്തെപ്പററി വിവേകാനന്ദസ്വാമികൾക്കു വലിയ മതിപ്പൊന്നുമുണ്ടായിരുന്നില്ല. ഇതിനു

കാരണം ഈ വിദ്യാഭ്യാസസമ്പ്രദായത്തിന് നമ്മുടെ പാരമ്പര്യമൂല്യങ്ങളോട് ഒരു ബന്ധവുമില്ലെന്നതാണ്. 'ഒരു കുട്ടിയെ സ്കൂളിൽ അയച്ചാൽ അവർ ആദ്യം പഠിപ്പിക്കുന്നത് അവന്റെ അച്ഛൻ ഒരു മടയൻ ആണെന്നും രണ്ടാമത്തു പഠിപ്പിക്കുന്നത് അവന്റെ മുത്തച്ഛൻ ഒരു ഭ്രാന്തനാണെന്നും മൂന്നാമത്തു പഠിപ്പിക്കുന്നത് അവന്റെ അദ്ധ്യാപകന്മാരെല്ലാം കപടക്കാരാണെന്നും നാലാമത്തു പഠിപ്പിക്കുന്നത് അവന്റെ മതഗ്രന്ഥങ്ങളെല്ലാം കള്ളക്കഥകൾ ആണെന്നുമാകുന്നു. പതിനാറു വയസ്സാകുമ്പോഴേക്ക് അവൻ നിഷേധത്തിന്റെ ഒരു കൂട് ആയിത്തീരുന്നു' എന്ന് സ്വാമികൾ പ്രസ്താവിച്ചതു വളരെ പ്രസിദ്ധമാണല്ലോ. 'നമ്മുടെ കുട്ടികൾക്കു കിട്ടുന്ന വിദ്യാഭ്യാസം വളരെ നിഷേധരൂപത്തിലുള്ളതത്രേ. പള്ളിക്കൂടത്തിൽ പോകുന്ന കുട്ടി ഒന്നും പഠിക്കുന്നില്ല; എന്നാൽ, തന്റേതായതെല്ലാം തട്ടിത്തകർക്കുന്നുണ്ടുതാനും. ഫലമോ, ശ്രദ്ധയുടെ അറുതി!' എന്നും സ്വാമികൾ പറയുന്നുണ്ട്. (വി. സാ. സ. വാല്യം 3. പേജ് 465)

വിവരങ്ങൾ സംഭരിക്കുന്നതും സാമർത്ഥ്യങ്ങൾ ആർജിക്കുന്നതും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളാണെന്നതിൽ ആർക്കും ഒരു സംശയവും ഉണ്ടായിക്കൂടാത്തതാണ്. കാരണം, ഭൗതികമായ സുഖസമൃദ്ധിക്ക് ഇവ രണ്ടും അനുപേക്ഷണീയങ്ങളാകുന്നു. എന്നാൽ, പുറമെനിന്നു വിവരങ്ങൾ നൽകുന്നതോ സാമർത്ഥ്യങ്ങൾ പരിചയിപ്പിക്കുന്നതോകൊണ്ടുമാത്രം വിദ്യാഭ്യാസമാവുമെന്ന് വിവേകാനന്ദസ്വാമികൾ കരുതിയില്ല. ഒരേ ചൈതന്യമാണ് എല്ലാ ജീവജാലങ്ങളിലും കുടികൊള്ളുന്നതെന്ന് സ്വാമികൾ കണ്ടു. ഈ ചൈതന്യത്തെ സാക്ഷാത്കരിക്കാനും അങ്ങനെ സർവജീവജാലങ്ങളോടും താദാത്മ്യം നേടാനുമുള്ള കഴിവു മനുഷ്യനുണ്ട്. മനുഷ്യജീവിതത്തിന്റെ പരമപ്രയോജനം ഈ ചൈതന്യത്തിന്റെ സാക്ഷാല്ക്കാരമാകുന്നു. വിദ്യാഭ്യാസത്തിലും ആത്മവിശ്വാസത്തിലുംകൂടി വ്യക്തികളിലെ 'ബ്രഹ്മം' ഉണരുന്നതിനെപ്പറ്റി സ്വാമികൾ പ്രസ്താവിച്ചിട്ടുണ്ട്. പ്രാപഞ്ചികജീവിതത്തിൽനിന്നു മോചനം നൽകുന്ന അവസരത്തിൽത്തന്നെ സാമാന്യമായ ഭൗതികാഭ്യുദയംകൂടി കൈവരുത്താൻ പര്യാപ്തവും സ്വാതന്ത്ര്യം, വൈരാഗ്യം, ത്യാഗം എന്നീ ഏററവും ഉയർന്ന ആദർശങ്ങളിൽ നിഷ്ഠയുളവാക്കുന്നതും ശമം, ദമം, ഉപരതി, തിതിക്ഷ, ശ്രദ്ധ, സമാധാനം എന്നിവ വളർത്തുന്നതും ആയിരിക്കണം ഭാരതീയർക്കു നൽകപ്പെടുന്ന വിദ്യാഭ്യാസം എന്ന് വിവേകാനന്ദസ്വാമികൾ ആവർത്തിച്ചു പ്രഖ്യാപിച്ചിരുന്നു.

ഭൗതികതയെപ്പററി വിവേകാനന്ദസ്വാമികൾ പറഞ്ഞിട്ടുള്ളത് ശ്രദ്ധിക്കുക:

അത്യുൽകൃഷ്ടങ്ങളായ സത്യങ്ങൾ ഗ്രഹിക്കാനാവാത്ത നമ്മുടെ സഹോദരന്മാരിൽ പലർക്കും നമ്മുടെ ആവശ്യത്തിനൊത്തവണ്ണം മയപ്പെടുത്തിയെടുത്ത ഒരുതരം ഭൗതികത്വം, ഒരുപക്ഷേ, അനുഗ്രഹമായേക്കാം. ഹൈന്ദവ ജീവിതാദർശം സന്ന്യാസമാണെന്ന് നിങ്ങൾക്കറിയാം. പക്ഷേ, കുറെയൊക്കെ അനുഭവസമ്പത്തുണ്ടായതിനുശേഷമേ ആ ആദർശം സാക്ഷാല്ക്കരിക്കാൻ കഴിയൂ. ഇന്ത്യയിലെ ഒരു ദരിദ്രന്റെ ജീവിതത്തെ അവനാവശ്യമില്ലാത്ത വമ്പിച്ച ആദ്ധ്യാത്മിക നിയമങ്ങളും ധാർമികബന്ധനകളുമാണ് മുറുകെ കെട്ടിച്ചുററിവച്ചിട്ടുള്ളത്. അവനെ തൊട്ടുപോകരുത്! ആ പാവത്തിനു കുറച്ചൊക്കെ സുഖഭോഗങ്ങൾ കൈവരട്ടെ. അപ്പോഴവൻ തനിയെ ഉയരും. ഒരുപക്ഷേ, ഈ വിഷയത്തിൽ പാശ്ചാത്യർക്കു നമ്മെ കുറെയൊക്കെ പഠിപ്പിക്കാൻ കഴിയും.' (വി.സാ സ വാല്യം 3 പേജ് 44,45) 'ഒരർത്ഥത്തിൽ, ഭാരതത്തെ രക്ഷിക്കാനാണ് ഭൗതികവാദം വന്നിട്ടുള്ളത്. അതു ജീവിതകവാടങ്ങൾ എല്ലാവർക്കുമായി തുറന്നിട്ടിരിക്കുന്നു' എന്ന് സ്വാമിജി പറയുകയുണ്ടായി. (പേജ് [illegible]2)

വിദ്യാഭ്യാസം ഇന്ത്യയിലെ എല്ലാ പൗരന്മാരുടെയും ജന്മാവകാശമാണെന്ന് വിവേകാനന്ദസ്വാമികൾ വിശ്വസിച്ചിരുന്നു. വിദ്യാഭ്യാസവും സംസ്കാരവും ഉയർന്ന ജാതിക്കാരിൽനിന്നു താഴ്ന്ന ജാതിക്കാരിലേക്കു വ്യാപിച്ച

തിന്റെ ഫലമാണ് പാശ്ചാത്യ നാഗരികതയുടെ സാർവത്രികമായ വികാസമെന്ന് സ്വാമികൾ പ്രസ്താവിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ ഇടയിൽ പരന്നിട്ടുള്ള വിദ്യാഭ്യാസത്തിന്റെയും ബുദ്ധിശക്തിയുടെയും തോതനുസരിച്ചാണ് ജനത, ഏതു രാജ്യത്തും പുരോഗമിച്ചിട്ടുള്ളതു്. ചുരുക്കത്തിൽ പാശ്ചാത്യ മാതൃകയിലുള്ള ആധുനിക വിദ്യാഭ്യാസം ഇന്ത്യയിൽ വ്യാപിക്കണമെന്ന് സ്വാമികൾ ആഗ്രഹിച്ചിരുന്നു. അതോടൊപ്പം ആ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ അപൂർണത പരിഹരിക്കുകയും വേണമെന്ന് അദ്ദേഹം വിശ്വസിച്ചു.

ഭൗതികതയുടെ അടിസ്ഥാനത്തിൽ ലോകത്തിനു നൽകാൻ ഭാരതത്തിന്റെ കൈയിലുള്ള സവിശേഷസന്ദേശമെന്നു താൻ ദൃഢമായി വിശ്വസിച്ച ആധ്യാത്മികതയിൽ ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു ദേശീയ വിദ്യാഭ്യാസസമ്പ്രദായമായിരിക്കണം ഭാരതത്തിൽ പടുത്തുയർത്തേണ്ടതെന്ന് സ്വാമികൾ ആവർത്തിച്ചു പ്രസ്താവിച്ചിട്ടുണ്ട്. സ്വാതന്ത്ര്യം, വൈരാഗ്യം, ത്യാഗം എന്നീ ഉയർന്ന ആദർശങ്ങൾക്ക് ആധാരം ഈ ആധ്യാത്മികതയാണെന്ന് അദ്ദേഹത്തിനുറപ്പായിരുന്നു. ഇന്ത്യയുടെ സവിശേഷ ദൗത്യത്തെപ്പററി വിവേകാനന്ദസ്വാമികൾ പറയുന്നതു കേൾക്കുക:

'ഈ നാട്ടിൽ ഇന്നും മതവും ആധ്യാത്മികതയും നിലനിൽക്കുന്നു. ഈ ഉറവുകൾ കവിഞ്ഞൊഴുകി ലോകത്തിൽ മുഴുവൻ പരക്കണം. അങ്ങനെവേണം പാശ്ചാത്യരും തദിതരരുമായ ജനതകൾക്കു പുതുതായ ജീവിതവും ഓജസ്സുമുണ്ടാകാൻ .. ഭാരതത്തിന്റെ അന്തരീക്ഷത്തിൽ ഇണങ്ങുന്നവയും പിണങ്ങുന്നവയുമായ പല ശബ്ദങ്ങളും കുഴഞ്ഞുമറിയുന്ന പല ഒച്ചപ്പാടുകളും മാറ്റൊലിക്കൊള്ളുന്നുണ്ട്. അവയുടെയെല്ലാം ഇടയിൽനിന്നുയരുന്ന പരമവും ഹൃദയംഗമവും പരിപൂർണവുമായ ഒരു നാദമത്രേ 'ത്യാഗം'. ത്യജിക്കുക! അതാണ് ഭാരതീയ മതങ്ങളുടെയെല്ലാം മുദ്രാവാക്യം. രണ്ടു നാളത്തേക്കുള്ള ഒരു വിഭ്രമമത്രേ ഈ ലോകം. നിലവിലുള്ള ജീവിതം അഞ്ചു മിനിററു നേരത്തേക്ക്. അപ്പുറത്താണ് അപരിമിതത്വം. അതു നമുക്കന്വേഷിക്കാം, എന്റെ ജനതയുടെ ലക്ഷണമാണ് അതിവർത്തനശീലം (transcendentalism!). അപ്പുറത്തു പോകുവാനുള്ള പോരാട്ടം പ്രകൃതിയുടെ മുഖത്തുനിന്നു മൂടുപടം വലിച്ചുനീക്കുവാനും എന്തു വില കൊടുത്തും എന്തപകടങ്ങൾ വരിച്ചും അപ്പുറത്തുള്ളതിന്റെ ഒരു ദർശനം നേടുവാനുള്ള ചങ്കുററം. അതാണു നമ്മുടെ ആദർശം....നിങ്ങൾക്കു ലോകത്തെ പഠിപ്പിക്കാനുള്ളതു് ഈ ആധ്യാത്മികതയാണ്. നമുക്കു ലോകത്തിൽനിന്നു വല്ലതും പഠിക്കാനുണ്ടോ? ഉണ്ട്. ഭൗതികവിജ്ഞാനത്തിലും സംഘടനാ പ്രഭാവത്തിലും ശക്തികൾ കൈകാര്യംചെയ്യാനുള്ള കഴിവിലും ഏററവും ചെറിയ കാരണങ്ങളിൽനിന്ന് ഏററവും മെച്ചപ്പെട്ട ഫലങ്ങൾ ഉളവാക്കുന്നതിലും കുറച്ചൊക്കെ നമുക്കു നേടാനുണ്ടാവും. ക്ലിപ്തമായ തോതിൽ പടിഞ്ഞാറുനിന്നു നമുക്കിതു പഠിക്കാൻ കഴിഞ്ഞേക്കും. എന്നാൽ, തിന്നുക കുടിക്കുക രസിക്കുക എന്ന ആദർശം ഭാരതത്തിൽ പ്രസംഗിച്ചാൽ, ജഡലോകത്തെ ദിവ്യതയിലേക്കുയർത്താൻ മുതിർന്നാൽ ആ മനുഷ്യൻ മിഥ്യാവാദിയാണ്; ഈ പുണ്യഭൂമിയിൽ അയാൾക്കു സ്ഥാനമില്ല. ഭാരതീയമനസ്സ് അയാളുടെ വാക്കുകൾ ശ്രദ്ധിക്കില്ല.'

(വി. സാ സ വാല്യം 3 പേജ് 44)

ആധുനിക പാശ്ചാത്യ നാഗരികതയുടെ ആധാരമായ ഭൗതികതയും ഭാരതത്തിന്റെ നിരന്തര സാധനയായ ആധ്യാത്മികതയും തമ്മിൽ ഉയർന്ന ഒരു തലത്തിലുള്ള സമന്വയമാണ് വിവേകാനന്ദസ്വാമികൾ മനുഷ്യജീവിതത്തിന്റെ പുരോഗതിക്കു വിഭാവനംചെയ്തതു്. വ്യാവഹാരികദശയിൽ ഭൗതികത പാരമാർത്ഥികദശയിൽ ആധ്യാത്മികത എന്നു വേണമെങ്കിൽ അതിനെ വിവരിക്കാം. ഇതു ബഹുജനങ്ങളെ സംബന്ധിച്ചിടത്തോളമാണ്. വ്യാവഹാരികദശയിലും പൂർണമായ ആധ്യാത്മികജീവിതം നയിച്ച ഒരു ജീവന്മുക്തന്റെ വത്സലശിഷ്യനായിരുന്നുവല്ലോ അദ്ദേഹം. അർഹതയുള്ള വ്യക്തികൾക്ക് അദ്ദേഹം നിർദേശിച്ചതു് ഈ ആദർശമായിരുന്നു.

രാമനാട്ടിൽവെച്ചു നൽകപ്പെട്ട സ്വീകരണത്തിനു മറുപടിയായി 1897-ൽ ചെയ്ത പ്രസംഗത്തിൽ ഭാരതത്തിന്റെ ഭാസുരമായ ഭാവിയെപ്പററിയുള്ള തന്റെ സങ്കല്പത്തെ കവിതാമയമായ ശൈലിയിൽ വിവേകാനന്ദസ്വാമികൾ വിവരിച്ചിട്ടുണ്ട്. ഞാൻ പകർത്താം:

'ഏററവും നീണ്ടരാത്രി തീരാറായെന്നു തോന്നുന്നു. ഏററവും ദുസ്സഹമായ കഷ്ടപ്പാടുകൾ ഒടുവിൽ ഇതാ അവസാനിക്കുന്നമട്ടായി. മൃതശരീരമെന്ന് എണ്ണപ്പെട്ട വസ്തു ഇതാ ഉണരാൻ വട്ടംകൂട്ടുന്നു. ഒരു ശബ്ദം ഇപ്പോൾ നമ്മുടെ നേർക്കു വരുന്നുണ്ട്—ചരിത്രത്തിനും ഐതിഹ്യത്തിനുപോലും എത്തിനോക്കാനാവാത്തവണ്ണം ഇരുളടഞ്ഞ ആ ഭൂതകാലത്തിൽനിന്നു കർമത്തിന്റെയും പ്രേമത്തിന്റെയും ജ്ഞാനത്തിന്റെയുമായ ആ അപരിമിത ഹിമാലയത്തിന്റെ കൊടുമുടികളിൽത്തട്ടിത്തട്ടി മാറെറാലികൊള്ളുംവിധത്തിലുള്ള ഒരു ശബ്ദം, നമ്മുടെ മാതൃഭൂമിയായ ഭാരതത്തിന്റെ ശബ്ദം നമ്മുടെ നേർക്കു വരുന്നുണ്ട്. സൗമ്യവും ഗാഢവും എന്നാൽ അർത്ഥശങ്കയ്ക്ക് ഇട നൽകാത്തതുമാണ് ആ ശബ്ദം. ദിവസം ചെല്ലുന്തോറും അതിന്റെ മുഴക്കം ഏറുകയുമാണ്. നോക്കൂ, ഉറങ്ങിക്കിടക്കുന്നവൻ എഴുന്നേൽക്കുന്നു. ഹിമാലയത്തിൽനിന്നടിക്കുന്ന ഒരു കാററുപോലെ അതു മൃതപ്രായമായ അസ്ഥികളിലും മാംസപേശികളിലും ജീവിതം പകരുന്നു; ആലസ്യം തിരോഭവിക്കുന്നു നമ്മുടെ മാതൃഭൂമിയായ ഭാരതം അഗാധവും ദീർഘവുമായ നിദ്രയിൽനിന്ന് എഴുന്നേൽക്കുകയാണെന്നു കുരുടനമാത്രം കാണാൻ കഴിവില്ല; അഥവാ കുദൃഷ്ടി മാത്രം കാണാൻ കൂട്ടാക്കില്ല. ഇനി ആർക്കും ഭാരതത്തെ തടയാനാവില്ല; ഇനി ഒരിക്കലും ഭാരതം ഉറങ്ങാൻ ഭാവവുമില്ല. ഇനി ഒരു ബാഹ്യശക്തിക്കും ഭാരതത്തെ പിന്നോട്ടു പിടിച്ചു മാററുക സാദ്ധ്യമല്ല.' വി. സാ. സ. വാല്യം 3 പേജ് 40)

രാഷ്ട്രത്തെ ഈ ഉണർവിലേക്കു നയിക്കുന്ന വിദ്യാഭ്യാസസമ്പ്രദായമാണ് വിവേകാനന്ദസ്വാമികളുടെ ഭാവനയിലുണ്ടായിരുന്നതു്.

(ആഗമാനന്ദസ്വാമി സ്മാരക പ്രസംഗം 14 ഏപ്രിൽ, 1988)

# 79. വിദ്യാഭ്യാസവും സംസ്കാരവും

പുതുമയെ പ്രോത്സാഹിപ്പിക്കുകയും പഴമയെ സംരക്ഷിക്കുകയും വിദ്യാഭ്യാസത്തിന്റെ തുല്യ പ്രാധാന്യമുള്ള രണ്ടു ലക്ഷ്യങ്ങളാണ്. പരസ്പരവിരുദ്ധങ്ങളെന്നു തോന്നാമെങ്കിലും ഇവ യഥാർത്ഥത്തിൽ പരസ്പരപൂരകങ്ങളാകുന്നു. പരസ്പരപൂരകങ്ങളായിരിക്കത്തക്കവിധത്തിൽ ഈ രണ്ടു ലക്ഷ്യങ്ങളെ പൊരുത്തപ്പെടുത്തുമ്പോൾ മാത്രമേ വിദ്യാഭ്യാസം അതിന്റെ ശരിയായ ഉദ്ദേശ്യം—സംസ്കാരവൽക്കരണം (Enculturation) നിർവഹിക്കുകയുള്ളൂ.

പാഠ്യവിഷയങ്ങളിലെ ശാസ്ത്രീയമായ ഉള്ളടക്കം (Scientific Content) ആണ് പുതുമയെ പ്രോത്സാഹിപ്പിക്കുന്നതു്. ശാസ്ത്രീയമായ ഉള്ളടക്കത്തിന് പാഠ്യവിഷയങ്ങൾക്കിടയിൽ നാം നൽകിയ പ്രാധാന്യത്തെ മുൻനിർത്തി, വിദ്യാഭ്യാസത്തിന്റെ മുഖ്യ ലക്ഷ്യം സമൂഹത്തിന്റെ ആധുനികീകരണം (Modernisation) ആണെന്ന് കോഠാരി കമ്മീഷൻ റിപ്പോർട്ട് പ്രഖ്യാപിക്കുന്നു. ശാസ്ത്രങ്ങളിൽ ഗണിതം (മാത്തമാററിക്സ്) ഒഴികെ മററു മിക്കതും നാം യൂറോപ്പിൽനിന്നു കടംകൊണ്ടവയാണ്. ഇന്ത്യയിൽ ജനിച്ചുവളർന്ന വൈദ്യം, ജ്യോതിഷം എന്നീ ശാസ്ത്രങ്ങളെപ്പോലും പൊതുവിദ്യാഭ്യാസത്തിൽ നാം ഏറെ